**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1470** **14-03-2022 - ൽ മറുപടിയ്ക്ക്**

**പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ സർക്കാർ വസ്തുവകകൾ വീണ്ടെടുക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിരിക്കുന്ന നയപരിപാടികൾ വിശദീകരിക്കാമോ; | (എ) | പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ സർക്കാർ ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനായി പാട്ട കക്ഷിക്ക് നിയമാനുസൃത നോട്ടീസ് നൽകുകയും തുക ഒടുക്ക് വരുത്താത്ത പക്ഷം കക്ഷിക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തുടർന്ന് പാട്ടം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നതാണ്. കൂടാതെ 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കുടിശ്ശികയുള്ള കേസുകളിൽ സ.ഉ(പി) നം. 16/2020/ ആർ.ഡി. തീയതി 15.02.2020, സ.ഉ (പി) നം. 17/2020/ആർ.ഡി. തീയതി 15.02.2020 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഡിമാൻഡ് നോട്ടീസ് തയ്യാറാക്കി കക്ഷികൾ/ സ്ഥാപനം/ സംഘടനകൾക്ക് നൽകി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കാലാവധി കഴിഞ്ഞതും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ വസ്തുക്കൾ തിരിച്ചെടുത്ത് പൊതു ആവശ്യത്തിന് ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (സി) | പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ വസ്തുക്കളുടെ പാട്ടം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം ഭൂമി തിരിച്ചെടുത്തു കഴിഞ്ഞാൽ നിയമം അനുശാസിക്കുന്നതു പ്രകാരം പൊതു ആവശ്യത്തിന് വിനിയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ